## സബ്മിഷൻസ്

### വൈക്കം സബ്സ്റ്റേഷൻ

ശ്രീ. കെ. അജിത്: സർ, 1972-ലാണ് വൈക്കത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ തുടങ്ങിയത്. വൈക്കം മുനിസിപ്പാലിറ്റിയും സമീപ ഏഴ് പഞ്ചായത്തുകളും പൂർണ്ണമായും രണ്ട് പഞ്ചായത്തുകൾ ഭാഗീകമായിട്ടുമാണ് ഈ സബ്സ്റ്റേഷനിൽ നിന്ന് വൈദ്യുതി വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഏതാണ്ട് എൺപതിനായിരത്തിലധികം കൺസ്യൂമേഴ്സ് ഇതിന്റെ പരിധിയിലുണ്ട്. 2010-ഏപ്രിൽ മാസത്തിൽ ഷോർട്ട് സർക്യൂട്ട് മൂലം ഈ സബ്സ്റ്റേഷനിൽ തീപിടിത്തമുണ്ടായപ്പോൾ ഈ പരിധിയിലുള്ള പ്രദേശങ്ങളിൽ രണ്ടുദിവസം വൈദ്യുതി പൂർണ്ണമായി നിലച്ചു. ജനപ്രതിനിധി എന്ന നിലയിൽ എനിക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കിയ വിഷയമായിരുന്നു ഇത്. നൂറുകണക്കിന് പാടശേഖരങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ ഇതിൽനിന്നാണ് പോകുന്നത്. രണ്ടുദിവസം വൈദ്യുതി ഇല്ലാതിരുന്നതിനാൽ പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് കാർഷിക മേഖലയ്ക്കുണ്ടായത്. ബാക്ക് ഫീഡ് ചെയ്യാൻ വേറെ സംവിധാനങ്ങൾ ഉണ്ടായിരുന്നെങ്കിൽ ഇത് പരിഹരിക്കാൻ കഴിയുമായിരുന്നു. ചേർത്തലയിലെ തൈക്കാട്ടുശ്ശേരിയിൽ നിന്ന് വരുന്ന 66 കെ.വി. ലൈനിന്റെ അടുത്തായി ഉദയനാപുരം ഭാഗത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാണ് എന്റെ ആവശ്യം. അതിന് ബോർഡിന് അധിക ബാധ്യത വരികയില്ല. ലൈൻ

പോകുന്നതിന്റെ താഴത്ത് തന്നെ ബോർഡിലെ ജീവനക്കാർ വന്ന് സ്ഥല പരിശോധന നടത്തി ബോർഡിനെ അറിയിച്ചിട്ടുള്ളതാണ്. ഇതുപോലെ തൊട്ടടുത്തുള്ള കല്ലറയിൽ ശ്രീ. മോൻസ് ജോസഫ് ആ പ്രദേശത്ത് എം. എൽ.എ. ആയിരുന്ന സമയത്ത് അനുവദിക്കപ്പെട്ട ഒരു സബ്സ്റ്റേഷൻ അതിന്റെ പ്രവർത്തനം എല്ലാം പൂർണ്ണമായി നടത്തി. പഞ്ചായത്ത് ഭൂമി കൊടുത്തശേഷവും അതിന് കാലതാമസമുണ്ടായിരിക്കുകയാണ്. ഈ രണ്ട് സബ്സ്റ്റേഷനുകളും അടിയന്തരമായി പ്രവർത്തനമാരംഭിച്ച് വൈദ്യുതി ക്ഷാമം പരിഹരിച്ച് കാർഷിക മേഖലയ്ക്കും ജനങ്ങൾക്കും സഹായകരമായ നിലപാട് എടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, മെമ്പർ പറഞ്ഞ 110 കെ.വി. സബ്സ്റ്റേഷന്റെ കാര്യം വളരെ ശരിയാണ്. അവിടെ വല്ല തകരാറും വന്നാൽ മറ്റ് ഫീഡറുകൾ ഇല്ലാത്തതുകൊണ്ട് പെട്ടെന്ന് മുഴുവൻ നിലച്ചുപോകുന്ന ഒരു സ്ഥിതിയുണ്ട്. ഇതിന് ഒരു പോംവഴിയായി 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 11 കെ. വി.യുടേത് 12.5 എം.വി.യായി ഉയർത്തുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. മറ്റൊരു കാര്യം തൈക്കാട്ടുശ്ശേരി 110 കെ.വി. സബ്സ്റ്റേഷനിൽ നിന്ന് 66 കെ.വി സബ്സ്റ്റേഷൻ ഇപ്പോൾ വൈക്കത്തേയ്ക്കുണ്ട്. അത് 110 ആക്കുന്ന കാര്യത്തെക്കുറിച്ചുള്ള ഫീസിബിലിറ്റി സ്റ്റഡി നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാ

ണ്. അതിൽ നിന്ന് ഒരു 33 കെ.വി. ലൈൻ വലിച്ച് ഉദയനാപുരത്തിന് വളരെ അടുത്തുള്ള നേരെക്കടവ് ഭാഗത്ത് 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള സാങ്കേതിക പഠനം ഇപ്പോൾ നടത്തിവരികയാണ്. അതുപോലെ കല്ലറ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. ആ നടപടി പൂർത്തീകരിച്ചുകഴിഞ്ഞാലുടനെ സബ്സ്റ്റേഷന്റെ പ്രവർത്തനങ്ങൾ തുടങ്ങും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച രണ്ട് പഞ്ചായത്തുകളുടെ പ്രശ്നങ്ങളും അതോടുകൂടി തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഇൻഫോപാർക്ക് ക്യാമ്പസിലെ സിനിമാ ചിത്രീകരണം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിച്ച ഒരു സ്ഥലമാണ് ഇൻഫോ പാർക്ക്. ഇൻഫോ പാർക്കിൽ കഴിഞ്ഞ ദിവസം പാക്കിസ്ഥാനിലെ കറാച്ചി സ്വദേശിയായ മുഹമ്മദ് ജുനൈദ്ഖാൻ വരികയും ഇൻഫോ പാർക്കിന്റെ പരസ്യ ചിത്രീകരണം നടത്തി തിരിച്ചുപോയതായുള്ള ഒരു വാർത്ത ടൈംസ് ഓഫ് ഇന്ത്യ കഴിഞ്ഞ 11-ാംതീയതി റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. അന്നിവിടെ ഇക്കാര്യം ഉന്നയിക്കാനായി ഞാൻ എഴുതിക്കൊടുത്തെങ്കിലും ബഹളം കാരണം അതിന് അനുവാദം ലഭിച്ചില്ല. ഇതുസംബന്ധിച്ച് ഗൗരവമുള്ള വാർത്തയാണ് പുറത്ത് വന്നിട്ടുള്ളത്. നമ്മുടെ സുരക്ഷാ ക്രമീകരണത്തിൽ സംഭവിക്കുന്ന പാളിച്ചയുടെ ഒരു പ്രധാന പ്രശ്നമാണിത്. ഇതിൽ ഏറ്റവും ഗൗരവമായ പ്രശ്നം, ഇതുമായി ബന്ധപ്പെട്ട് അദ്ദേഹത്തെ നമ്മുടെ നാട്ടുകാരായ രണ്ട് ആളുകൾ സഹായിച്ചു എന്നുള്ള വാർത്തയാണ്. അവരെയാരെയും പിടിച്ചതായി റിപ്പോർട്ട് കാണുന്നില്ല. അവരെ പിടിച്ചിട്ടുണ്ടോയെന്ന് മന്ത്രി പറഞ്ഞാൽ മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ. പല രാജ്യങ്ങളിൽനിന്നും ആളുകൾ ഇവിടെ വരികയും പോകുകയും ചെയ്യും. അങ്ങനെ വരുന്നവരെ നമ്മൾ തടയേണ്ട കാര്യമില്ല. ടൂറിസ്റ്റ് വിസയിലാണ് പലരും വരുന്നത്. എന്താണ് ഇതിന്റെ പിന്നിലുള്ള കാര്യം; സുരക്ഷാ മേഖലയിൽ കയറി ഇങ്ങനെ ചെയ്യാൻ കാരണമെന്താണ്; സുരക്ഷാ മേഖലയിൽ ആവശ്യമായ ക്രമീകരണം ഇപ്പോഴില്ലേ; എന്തുകൊണ്ട് ഇവർക്ക് ഇതിന് സാധിച്ചു? വളരെ ഗൗരവമായ പ്രശ്നമായ

തിനാൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയിൽ നിന്ന് ഒരു വിശദീകരണം ലഭിക്കണമെന്നുള്ളതുകൊണ്ടാണ് ഈ വിഷയം ഉന്നയിക്കാൻ ഞാൻ നോട്ടീസ് കൊടുത്തത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 28-ാം തീയതി നെടുമ്പാശ്ശേരി എയർപോർട്ട് വഴി കൊച്ചിയിലെത്തിയ പാക്കിസ്ഥാൻ പൗരനായ മുഹമ്മദ് ജുനൈദ്ഖാൻ 'ഹോളിഡേ ഇൻ'-ൽ ഒരു ദിവസം താമസിക്കുകയും 30-ാം തീയതി അവിടെനിന്നും ബോംബെയിലേയ്ക്ക് പോകുകയും ചെയ്തു. ഇങ്ങനെ താമസിക്കുന്ന സന്ദർഭത്തിൽ കൊച്ചി ഇൻഫോപാർക്കിലുള്ള തേജോമയ ബിൽഡിംഗിൽ നടന്ന പരസ്യ ചിത്രത്തിൽ അദ്ദേഹം അഭിനയിച്ചു. തുടർന്ന് 30-ാം തീയതി പുലർച്ചെ അദ്ദേഹം നെടുമ്പാശ്ശേരി എയർപോർട്ട് വഴി ബോംബെയിലേയ്ക്ക് പോയി. ടൂറിസ്റ്റ് വിസയിൽ ഇന്ത്യയിലെത്തി വിസ ചട്ടം ലംഘിച്ച് മറ്റ് പ്രവർത്തനങ്ങളിലേർപ്പെട്ടതിന് ഇയാളെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മുഹമ്മദ്ജുനൈദ്ഖാന് വിസാ ചട്ട ലംഘനത്തിന് സഹായം ചെയ്തുകൊടുത്ത ഇന്ത്യൻ സ്പോൺസറായ വടകര സ്വദേശി ശ്രീ. കുഞ്ഞബ്ദുള്ളയുടെയും പരസ്യ ചിത്രീകരണം നടത്തിയ കമ്പനിയായ കിച്ചു ഫിലിമിന്റെ കോ-ഓർഡിനേറ്റർ ശ്രീ.കൃഷ്ണകുമാറിനെയും പ്രതികളാക്കി തൃക്കാക്കര പോലീസ് കേസ് എടുത്തിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണം തൃക്കാ

ക്കര പോലീസ് നടത്തി വരികയാണ്. അങ്ങ് പറഞ്ഞതുപോലെ ഇക്കാര്യം ഗവൺമെന്റ് വളരെ ഗൗരവമായിട്ടാണ് കാണുന്നത്. അദ്ദേഹം 28-ാം തീയതി വരികയും 29-ാം തീയതി പരസ്യ ചിത്രത്തിൽ അഭിനയിക്കുകയും 30-ാം തീയതി വെളുപ്പിന് ഇവിടെനിന്നും മടങ്ങിപോകുകയുമുണ്ടായി. വിസാ ചട്ട ലംഘനത്തിന് സഹായം ചെയ്തുകൊടുത്ത സ്പോൺസറെ ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടുണ്ട്.  കൂടാതെ മറ്റ് നടപടികളും എടുക്കുന്നതാണ്.

**പുനരധിവാസകോളനി സ്ഥാപിക്കൽ**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, തീരദേശങ്ങളിൽ കടൽക്ഷോഭം സ്ഥിരമായി സംഭവിക്കുന്നതാണ്. കടൽക്ഷോഭം നിമിത്തം തീരദേശങ്ങളിലെ വീടുകൾ മാത്രമല്ല, തീരദേശങ്ങളിലെ ഭൂമിയും കടൽ എടുത്തുകൊണ്ടുപോകുന്ന ഒരു പുതിയ സ്ഥിതിവിശേഷമുണ്ട്. പൊന്നാനി മണ്ഡലത്തിൽ കഴിഞ്ഞ ഒരു മാസത്തിനിടയിൽ 20 വീടുകളാണ് പൂർണ്ണമായും കടലെടുത്തത്. വീടുകൾ മാത്രമല്ല, വീടുകൾ സ്ഥിതി ചെയ്തിരുന്ന സ്ഥലവും കടലെടുക്കുകയുണ്ടായി. ഒരു ലക്ഷം രൂപയുടെ ധനസഹായം പ്രഖ്യാപിക്കുക മാത്രമാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. ഒരു ലക്ഷം രൂപ ഒന്നിനും തികയില്ല. അക്ഷരാർത്ഥത്തിൽ ഇത്തരം കുടുംബങ്ങൾ അനാഥരാകുകയും തെരുവുകളിൽ അന്തിയുറങ്ങുകയും ചെയ്യേണ്ട ഒരു സ്ഥിതിവിശേഷമാണുള്ളത്. താൽക്കാലിക ഷെൽട്ടറുകളിൽ കുറച്ച് കാലം താമസിപ്പിച്ചാലും അതുകഴിഞ്ഞാൽ അവർ അവിടെ നിന്നും ഇറങ്ങേണ്ടതായി വരും. അതിന്റെ ഭാഗമായി തെരുവിൽ അന്തിയുറങ്ങി മരണമടയേണ്ട സ്ഥിതിയാണുള്ളത്. എന്റെ മണ്ഡലത്തിൽ പണിക്കവീട്ടിൽ മുഹമ്മദ് എന്നുവിളിക്കുന്ന ആൾ കഴിഞ്ഞ ഒൻപത് മാസമായി അന്തിയുറങ്ങാൻ സ്ഥലമന്വേഷിച്ചെങ്കിലും അത് ലഭ്യമാകാതെ മരിച്ചുപോയി. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം. പൂർണ്ണമായും വീടും സ്ഥലവും ഇല്ലാതാകുന്ന ആളുകൾക്ക് പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് അവർക്കായി ഒരു പുനരധിവാസ പാക്കേജ് പ്രഖ്യാപി

ക്കണം. തീരദേശങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു പുനരധിവാസ കോളനി സർക്കാർ യുദ്ധകാല അടിസ്ഥാനത്തിൽ പ്രഖ്യാപിക്കാൻ തയ്യാറാകണം. റവന്യൂ വകുപ്പിന്റെ കയ്യിലുള്ള ഭൂമിയോ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയോ കണ്ടെത്തുകയോ അല്ലെങ്കിൽ സർക്കാർ വില കൊടുത്ത് വാങ്ങിയോ ഇങ്ങനെ കടൽക്ഷോഭത്തിന്റെ ഭാഗമായി മണ്ണും വീടും പൂർണ്ണമായും നഷ്ടപ്പെട്ടവരെ സഹായിക്കുവാനുള്ള ഒരു പ്രത്യേക പദ്ധതിക്ക് ഈ ഗവൺമെന്റ് രൂപം കൊടുക്കുമോ? പൊതുവെ മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഈ പ്രശ്നം പരിഹരിക്കാനായി തീരദേശങ്ങളെയാകെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു ഭൂബാങ്ക് എന്ന ആശയത്തിന് മുൻകയ്യെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. പൊന്നാനിയിൽ കഴിഞ്ഞ കടലാക്രമണത്തിൽ വീട് പൂർണ്ണമായി നഷ്ടപ്പെട്ട് തെരുവിൽ അന്തിയുറങ്ങുന്ന 20 കുടുംബങ്ങൾക്കായി പ്രത്യേകമായി ഒരു പുനരധിവാസ കോളനി രൂപീകരിക്കാൻ പരിശ്രമിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കടൽ ക്ഷോഭം മൂലം മരണം അടയുന്നവർ മുതിർന്നവരാണെങ്കിൽ അവരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപയും കുട്ടികളാണ് മരണപ്പെടുന്നതെങ്കിൽ 50,000 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദനീയമാണ്. കടൽക്ഷോഭ ദുരന്തത്തിൽ മാരകമായി പരിക്കുപറ്റി 40 ശതമാനം മുതൽ 75 ശതമാനം വരെ വൈകല്യം സംഭവിച്ചവർക്ക് പര

മാവധി 35,000 രൂപയും പരിക്ക് പറ്റി ഒരു ആഴ്ചയിൽ കൂടുതലായി ആശുപത്രിയിൽ കിടക്കുന്നവർക്ക് 7,500 രൂപയും ഒരു ആഴ്ചയിൽ കുറവാണ് ചികിത്സയെങ്കിൽ 2,500 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായധനം ലഭിക്കുന്നതിന് അർഹതയുണ്ട്. കൂടാതെ കടൽക്ഷോഭത്തിന്റെ ഫലമായി കേടുപാടുകൾ സംഭവിക്കുന്ന വീടുകൾക്ക് വിവിധ നിരക്കുകളിൽ ധനസഹായം നൽകുന്നുണ്ട്. കടൽക്ഷോഭം മൂലം വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുമ്പോൾ അവരെ മറ്റൊരു സ്ഥലത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നത് പ്രായോഗികമായിരിക്കുകയില്ല. അത് അവരുടെ ജീവിത മാർഗ്ഗത്തിന് വിഘാതം സൃഷ്ടിക്കാൻ സാധ്യതയുള്ള കാര്യമാണ്. കേരളത്തിലെ ഭൂ ദൗർലഭ്യം കണക്കിലെടുക്കുമ്പോൾ ഇവർക്കായി പ്രത്യേക ഭൂബാങ്ക് എന്ന ആശയത്തിന് സാധ്യത കാണുന്നില്ല.

**വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിക്കൽ**

ശ്രീ. മോൻസ് ജോസഫ്: സർ, വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ചത് പ്രാവർത്തികമാക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. വിശ്വകർമ്മ സമുദായത്തെ 2003-ൽ പരമ്പരാഗത തൊഴിൽ സമുദായമായി ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. സർക്കാർ ഉത്തരവ് ജി.ഒ.പി. നമ്പർ 7603/എസ്.സി./എസ്.ടി. ഡി.ഡി. തിരുവനന്തപുരം, തീയതി. 27-11-2003-പ്രകാരം ഈ ഉത്തരവ് നിലവിൽ വന്നതാണ്. എന്നാൽ വിശ്വകർമ്മജർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ, ഈ ഉത്തരവ് പ്രാവർത്തികമാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയങ്ങൾ സമുദായ അംഗങ്ങൾ കൊണ്ടുവരികയും ജനപ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്തുകയുമെല്ലാം ചെയ്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് വിശ്വകർമ്മജരെ പരമ്പരാഗതമായ തൊഴിൽ സമുദായമായി അംഗീകരിച്ചുകൊണ്ട് അവർക്ക് കൊടുക്കാൻ സാധിക്കുന്ന സഹായങ്ങൾ കൊടുക്കുന്നതിന് ഗവൺമെന്റ് ആത്മാർത്ഥമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 2000-ാമാണ്ടിൽ ഇതുപോലെ

ഒരു സബ്മിഷൻ ഈ വിഷയത്തിൽ ഞാൻ ഉന്നയിച്ചിരുന്നു. അന്നത്തെ മുഖ്യമന്ത്രി ഇക്കാര്യം പരിശോധിക്കുമെന്ന് പറഞ്ഞെങ്കിലും പിന്നീട് തുടർ നടപടി ഉണ്ടായില്ല. 2003-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഇതിലൊരു അനുകൂല നടപടി സ്വീകരിച്ചത് ആശ്വാസകരമാണ്. എന്നാൽ ഇതുവരെ അത് പ്രാവർത്തികമാക്കുന്നതിന് സാധിച്ചില്ല എന്നുള്ളതാണ് ഞാൻ ഉന്ന യിക്കുന്ന പ്രശ്നം. തൊഴിൽ രംഗത്ത്, പരമ്പരാഗത തൊഴിൽ എന്നുള്ള നിലയിൽ വിശ്വകർമ്മജർക്ക് കേരളം ഏറ്റവും മഹത്വപൂർണ്ണമായൊരു സ്ഥാനം നൽകുന്ന പാരമ്പര്യമാണുള്ളത്. ഇതൊരു പരമ്പരാഗത തൊഴി ലായി അംഗീകരിച്ചുകൊണ്ട് അവർക്കാവശ്യമായ ആനുകൂല്യങ്ങൾ കൊടുക്കാനും അതിന്റെ പ്രയോജനം ലഭ്യമാക്കുന്ന നിലയിലേയ്ക്ക് തുടർ നടപടി ഉണ്ടാകാനും ഗവൺമെന്റ് ആവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണം. അതിന് നടപടികൾ സ്വീകരിക്കണം എന്നുള്ള താണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): സർ, വിശ്വകർമ്മ സമുദായ ത്തിൽ ഉൾപ്പെടുന്ന അംഗങ്ങൾ ക്രീമിലെയർ വ്യവസ്ഥയിൽനിന്നും ഒഴിവാ ക്കപ്പെടാനുള്ള അർഹത ഉണ്ടായിരിക്കുകയില്ലായെന്ന വ്യവസ്ഥയോടെ പരമ്പരാഗത തൊഴിൽ സമുദായമായി പ്രഖ്യാപിച്ചുകൊണ്ട് 27-11-2003-തീയതിയിലെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് പ്രകാരം സർക്കാർ ഉത്ത രവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന

കോർപ്പറേഷൻ മുഖേനയും പിന്നോക്ക സമുദായ വികസന വകുപ്പ് മുഖേനയും മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് നൽകി വരുന്ന വിവിധ ആനുകൂല്യങ്ങൾ വിശ്വകർമ്മ സമുദായത്തിലെ അർഹരായവർക്കും ലഭ്യ മാക്കുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതി, ലഘുവായ്പാ പദ്ധതി, വിദ്യാഭ്യാസ വായ്പാ പദ്ധതി തുടങ്ങിയവ വിശ്വകർമ്മ സമുദായങ്ങൾക്കും പ്രയോജന പ്പെടുത്താവുന്നതാണ്. പിന്നോക്ക സമുദായങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പിന്നോക്ക സമുദായ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്നീ പദ്ധതികളുടെ പ്രയോജനവും മറ്റ് പിന്നോക്ക സമു ദായം എന്നുള്ള നിലയിൽ വിശ്വകർമ്മ സമുദായത്തിലെ അർഹരായ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമേ കേരള കൈത്തൊഴി ലാളി/വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ പത്ത് വർഷത്തെ അംഗത്വം പൂർത്തിയാക്കി റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റിയവർക്ക് തൊഴിൽ വകുപ്പ് മുഖേന അസംഘടിത വിഭാഗം തൊഴിലാളി ക്ഷേമ പെൻഷനും നൽകി വരുന്നു. പരമ്പരാഗത തൊഴിൽ സമുദായമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വിശ്വകർമ്മ സമുദായത്തിന് മേൽപ്പറഞ്ഞവ കൂടാതെ മറ്റ് ആനുകൂല്യങ്ങൾ നൽകണമെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ മോൻസ് ജോസഫ് ഈ സഭയിൽ ഉന്നയിച്ച കാര്യങ്ങളെക്കുറിച്ച്

ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി പരിശോധിക്കുകയും അത്തരം കാര്യങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

**മത്സ്യഗ്രാമം പദ്ധതി**

ഡോ. കെ.ടി. ജലീൽ: സർ, മലപ്പുറം ജില്ലയിലെ പുറത്തൂർ പഞ്ചായത്ത് ഒരു തീരദേശ പഞ്ചായത്താണ്. പാവപ്പെട്ടവരും സാധാരണക്കാരുമായിട്ടുള്ള ധാരാളം ആളുകൾ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ഒരു മേഖലയാണിത്. നേരത്തെ പുറത്തൂർ പഞ്ചായത്തിനെ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത പഞ്ചായത്തിനെ മാറ്റിനിറുത്തപ്പെടുകയാണുണ്ടായത്. പുറത്തൂർ ഗ്രാമത്തെ വീണ്ടും മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞ് കഴിഞ്ഞ പ്രാവശ്യം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്കും അങ്ങേയ്ക്കും കത്ത് നൽകിയിരുന്നു. പക്ഷേ ഇതുവരെ ഫലപ്രദമായിട്ടുള്ള നടപടികളൊന്നും ഉണ്ടായില്ല. അങ്ങ് മുൻകയ്യെടുത്ത് പുറത്തൂർ പഞ്ചായത്തിനെ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് സംസ്ഥാനത്തെ മത്സ്യമേഖലയ്ക്കായി 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ പ്രധാനയിനം മാതൃകാ മത്സ്യഗ്രാമം പദ്ധതിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 25 മത്സ്യഗ്രാമങ്ങളുടെ പേര് ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയെങ്കിലും ആ ഗ്രാമങ്ങളെ സെലക്ട് ചെയ്തി

രുന്നില്ല. 25 ഗ്രാമങ്ങളെ ഉൾപ്പെടുത്താനല്ല, പതിനൊന്ന് മത്സ്യഗ്രാമങ്ങളെ തീരുമാനിക്കാനാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചത്. നിർഭാഗ്യവശാൽ അതിൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച പുറത്തൂർ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ച 25 മത്സ്യഗ്രാമങ്ങളിൽ നിന്നും ആറെണ്ണമുൾപ്പെടെ 11 മത്സ്യഗ്രാമങ്ങളെയാണ് സെലക്ട് ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഈ പഞ്ചായത്തിനെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കാതെവന്നതിൽ ഖേദമുണ്ട്. എന്നാൽ, ഈ വർഷം സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലൂടെ ഓരോ ഗ്രാമത്തിനും രണ്ട് കോടി രൂപവീതം നൽകുന്നുണ്ട്. ഇതിനായി 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മലപ്പുറം ജില്ലയിലെ പുറത്തൂർ പഞ്ചായത്തിനെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളി ക്ഷേമനിധി**

ശ്രീ. ടി. എൻ. പ്രതാപൻ: സർ, മത്സ്യത്തൊഴിലാളികളുടേയും അനുബന്ധത്തൊഴിലാളികളുടേയും സാമൂഹ്യ-സാമ്പത്തിക ക്ഷേമത്തിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി നിലവിൽ വന്നിട്ടുള്ള സ്ഥാപനമാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്. 1986 ജനുവരി 26-ാം തീയതി മുതൽ പ്രവർത്തനമാരംഭിച്ച പ്രസ്തുത ക്ഷേമനിധി ബോർഡ് ഇവർക്കായി നിരവധി ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ ഇതെല്ലാം നാമമാത്രമായാണ് നൽകുന്നത്. മത്സ്യത്തൊഴിലാളി പെൻഷൻ, വിധവ പെൻഷൻ, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, ശാരീര അവശത അനുഭവിക്കുന്നവർക്കുള്ള പദ്ധതി, അപകടമരണത്തിലൂടെ അനാഥരാകപ്പെട്ട കുട്ടികൾക്കുള്ള പദ്ധതി, എന്നിവയ്ക്കുപുറമേ ശവസംസ്ക്കാര ചടങ്ങിനുപോലും കേവലം നാമമാത്രമായ ഒരു തുകയാണ് കൊടുക്കുന്നത്. ഇതിലെല്ലാം കാലോചിതമായ മാറ്റം വരുത്തണം. അതുകൂടാതെ മത്സ്യക്കയറ്റുമതിക്കാരിൽ നിന്നും പിരിക്കുന്ന സെസ്സാണ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാനം. എന്നാൽ ഇപ്പോൾ സെസ്സ് പൂർണ്ണമായി പിരിക്കാൻ കഴിയാതെ കോടതികളിൽ കയറിയിറങ്ങി ഗവൺമെന്റ് അതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതുകൊണ്ട് ക്ഷേമനിധി ബോർഡിലേയ്ക്ക് ആവശ്യമായ പണം ലഭ്യമാക്കണം. ഏകദേശം മുപ്പത്താറോളം നിയോജക മണ്ഡലങ്ങളുൾപ്പെടുന്ന

താണ് കേരളത്തിലെ മത്സ്യമേഖല. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ഒൻപത് തീരദേശ ജില്ലകളിലായി 36 ഓളം നിയോജക മണ്ഡലങ്ങളിലെ ആളുകൾ ഇതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരാണ്. അതുകൊണ്ട് ഈ ക്ഷേമനിധിയിൽ കാലോചിതമായ മാറ്റം വരുത്തി കൂടുതൽ പണം ഈ ക്ഷേമനിധിയിലേയ്ക്ക് കൊണ്ടുവരാനും കയറ്റുമതിക്കാരിൽ നിന്നും സെസ് പിരിവ് നടത്തി വളരെ ക്രിയാത്മകമായ രീതിയിൽ ക്ഷേമനിധി നടപ്പിലാക്കുവാനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. കാലം മാറിയതിന്റെ ഉൾക്കരുത്ത് തിരിച്ചറിയാൻ പറ്റാത്ത ഒരു മേഖലയായി മത്സ്യമേഖല നിന്നുപോകരുത്. പാവപ്പെട്ട ഇത്തരം ആളുകൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ കുറച്ചുകൂടി വർദ്ധിപ്പിക്കുവാനുള്ള നടപടികൾ കൂടി ഗവൺമെന്റ് സ്വീകരിക്കണം. ഇതിനായി ഒരു പഠനം അനിവാര്യമാണ്. ഈ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി കൂടുതൽ സഹായങ്ങൾ നൽകുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പിന്തുണ നേടുന്നതിനുവേണ്ടി ഒരു പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. ടി. എൻ. പ്രതാപൻ, ഇവിടെ ഉന്നയിച്ച സബ്മിഷനിൽ പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവമുള്ളതാണ്. മത്സ്യത്തൊഴിലാളികൾക്കായി പതിനെട്ട് ക്ഷേമപദ്ധതികളും അനുബന്ധത്തൊഴിലാളിക

ൾക്കായി പത്ത് ക്ഷേമപദ്ധതികളുമാണ് ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമപദ്ധതികൾക്കായി 2,84,786 മത്സ്യത്തൊഴിലാളികൾക്ക് 32.49 കോടി രൂപയും അനുബന്ധത്തൊഴിലാളികൾക്കായി 3.83 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിലെ സെക്ഷൻ 4 പ്രകാരം സ്വരൂപിക്കുന്ന അംശദായവും 2007-ലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം വ്യാപാരികളിൽ നിന്നും പിരിച്ചെടുക്കുന്ന സെസ്സും സർക്കാർ ഗ്രാന്റുമാണ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനമാർഗ്ഗം. എന്നാൽ ക്ഷേമനിധി ആക്ടിലെ സെക്ഷൻ 4(2) ബഹുമാനപ്പെട്ട സുപ്രീം കോടതി അസാധുവാക്കിയതിനെത്തുടർന്ന് ബോർഡിന്റെ മുഖ്യവരുമാനമാർഗ്ഗം നിലച്ചു. എന്നാൽ ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2007-ലെ ക്ഷേമസെസ് ആക്ട് നിലവിൽ വന്നെങ്കിലും ഇതിലെ വ്യവസ്ഥകൾക്കെതിരായി തുക അടയ്ക്കാൻ ബാദ്ധ്യസ്ഥരായവർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. എക്സ്പോർട്ടേഴ്സ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ സർക്കാരിന് അനുകൂലമായി വിധി പുറപ്പെടുവിക്കുകയും ആ വിധിക്കെതിരായി അവർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ കൊടുത്തു. ഡിവിഷൻ ബഞ്ച് അസെസ്മെന്റ് നടത്തിയ തുകയുടെ 25 ശതമാനം അടയ്ക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ഈ ഉത്തരവിനെതിരെ എക്സ്പോർട്ടേഴ്സ് സുപ്രീം

കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. കേസ് പരിഗണിച്ച സുപ്രീം കോടതി ബഹുമാനപ്പെട്ട ഹൈക്കോടതി വിധിപ്രകാരമുള്ള 25 ശതമാനം തുക കെട്ടിവയ്ക്കുവാനും കേസ് ഹൈക്കോടതിയിൽ തീർപ്പുകൽപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത കേസ് ഡിസ്മിസ്സ് ചെയ്തു. അതേത്തുടർന്ന് വൻകിടക്കാർ അടയ്ക്കുവാനുള്ള ക്ഷേമനിധി വിഹിതം കുടിശ്ശിക സഹിതം ഈടാക്കുന്നതിന് ഫസ്റ്റ് നോട്ടീസും സെക്കന്റ് നോട്ടിസും അയയ്ക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത ഘട്ടമായ ആർ.ആർ. നടപടികൾ സ്വീകരിക്കാൻ വകുപ്പുദ്യോഗസ്ഥർ നടപടി സ്വീകരിച്ചുകഴിഞ്ഞു. അംശദായം അടയ്ക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനായി ബോട്ടുടമകളും പരമ്പരാഗത വള്ളക്കാരുമായി ഗവൺമെന്റ് ചർച്ച നടത്തുകയും ഒരു ഉപസമിതിയെ നിയോഗിക്കുകയും ചെയ്തു. ആ ഉപസമിതിയുടെ ശുപാർശയുടെ അടിസ്ഥാത്തിൽ 2004 മുതൽ തുക അടയ്ക്കാതിരുന്ന ബോട്ടുടമകളും പരമ്പരാഗത വള്ളങ്ങൾ ഉപയോഗിക്കുന്നവരും ഈ സാമ്പത്തിക വർഷം തന്നെ തുക അടയ്ക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അവരുമായി ഗവൺമെന്റ് ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ ചില ഇളവുകൾ നൽകേണ്ടിവന്നിട്ടുണ്ട്. ഇതിനായി വിവിധ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് ധാരണയിലെത്തുകയും ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് വിടുകയുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി അപകടമരണ ഇൻഷ്വറൻസ് തുക രണ്ട് ലക്ഷം രൂപയിൽ നിന്നും മൂന്ന് ലക്ഷം രൂപ

യാക്കിയും മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയാക്കിയും വർദ്ധിപ്പിച്ചിട്ടുണ്ട്. മറ്റ് ക്ഷേമപദ്ധതികളുടെ കുടിശ്ശിക വിതരണം ചെയ്യുന്നതു സംബന്ധിച്ച് ബോർഡ് ശുപാർശകൾ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ക്ഷേമപദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുക എന്നുള്ളത് വളരെ ഗൗരവമുള്ള കാര്യമാണ്. പക്ഷേ 2004-നുശേഷം ഈയിനത്തിൽ കാര്യമായ തുക പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. അത് പിരിച്ചെടുക്കുവാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുകയാണ്. പക്ഷേ, ക്ഷേമനിധി ബോർഡിൽ പണം ലഭ്യമാകുന്ന മുറയ്ക്ക് തീർച്ചയായും ഈ പ്രശ്നം പരിഗണിക്കുന്നതാണ്.

**മണ്ണുത്തി-അമലനഗർ റോഡിന്റെ പ്രവൃത്തി**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഇപ്പോൾ ബൈപ്പാസ് ഇല്ലാത്ത ഏക കോർപ്പറേഷൻ തൃശൂരാണ്. തിരുവനന്തപുരത്തുനിന്ന് മലബാറിലേയ്ക്ക് പോകുന്നതും അവിടെനിന്ന് തിരികെവരുന്നതുമായ എല്ലാ വാഹനങ്ങളും തൃശൂർ നഗരത്തിലൂടെ കടന്നുപോകണമെന്നതാണ് ഇന്നത്തെ സ്ഥിതി ഈ ഗതാഗതക്കുരുക്ക് അക്ഷരാർത്ഥത്തിൽ തൃശൂർ നഗരത്തെ ശ്വാസംമുട്ടിക്കുകയാണ്. ഇതിനൊരു പരിഹാരമായി മണ്ണുത്തി-അമലനഗർ ബൈപ്പാസ് നിർമ്മിക്കണമെന്ന ആവശ്യം പലപ്രാവശ്യം ഈ സഭയിൽ ഉന്നയിച്ചതാണ്. സാദ്ധ്യതാപഠനത്തിനും മറ്റുമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി. ശാസ്ത്രീയമായൊരു വർക്ക് സ്റ്റഡി നടത്തുന്നത് നന്നായിരിക്കും. കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ തൃശൂർ നഗരത്തിലേയ്ക്ക് വ്യാപിപ്പിച്ച ഈ സാഹചര്യത്തിൽ സുപ്രധാനമായ ഈ ബൈപ്പാസിന്റെ നിർമ്മാണവും സാദ്ധ്യതാപഠനവും അലൈൻമെന്റിന്റെ നിർമ്മാണവുമൊക്കെ ഒരു പ്രൊഫഷണൽ ഏജൻസിയെ ഏൽപ്പിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റേയും എൻ.എച്ച്. വിഭാഗത്തിന്റെയും കെ.ആർ.ബി.എഫ്.-ന്റെയും സംയുക്തയോഗം ഉടനടി വിളിച്ചുകൂട്ടി മേൽനടപടികൾ നടത്താനുള്ള സത്വര നടപടികൾ കൈക്കൊള്ളണമെന്ന് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, നാഷണൽ ഹൈവേ 47 -നേയും 17 -നേയും തമ്മിൽ ബന്ധിപ്പിക്കുന്ന മണ്ണുത്തി-തിരുവത്ര ബൈപ്പാസ് റോഡിന്റെ ആദ്യഭാഗമെന്ന നിലയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മണ്ണുത്തി-അമലനഗർ ബൈപ്പാസ് തൃശൂർ നഗരത്തിന്റെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് വളരെയധികം സഹായകമാകുന്ന ഒരു റോഡാണ്. ഈ ബൈപ്പാസിന്റെ നിർമ്മാണം ഏറ്റെടുക്കുന്നതാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2011-12 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ റോഡിന്റെ സ്ഥലമെടുപ്പിനായി 7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ റോഡിന്റെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സർവ്വേ നടത്തിവരികയാണ്. സർവ്വേ നടപടികൾ പൂർത്തിയാക്കിയാലുടൻ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. ഇക്കാര്യത്തിൽ ജനപ്രതിനിധികളുടെ സഹകരണവും പിന്തുണയും അനിവാര്യമാണ്. കേരള റോഡ് ഫണ്ട് ബോർഡ് സംസ്ഥാനത്തെ വിവിധ നഗരങ്ങൾക്കായി നടപ്പിലാക്കിവരുന്ന നഗരവികസന പദ്ധതിയിൽ തൃശൂർ നഗരത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. തൃശൂർ നഗരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി ഹൈദ്രാബാദ് ആസ്ഥാനമായിട്ടുള്ള ഈജീസ് ഇന്ത്യ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കൺസൾട്ടന്റ് മുഖേന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാ

റാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നഗരത്തിൽ സമഗ്രമായ ഗതാഗത പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.. ഈ പഠനത്തിന്റെ ഭാഗമായി മണ്ണുത്തി-അമലനഗർ റോഡിന്റെ സാദ്ധ്യതകൂടി പഠനവിധേയമാക്കുന്നതാണ്. തൃശൂർ നഗരത്തിന്റെ ബൈപ്പാസായി നിർദ്ദേശിക്കപ്പെട്ട മണ്ണുത്തി-അമലനഗർ റോഡിന്റെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി., നാഷണൽ ഹൈവേ, കേരള റോഡ് ഫണ്ട് ബോർഡ് എന്നീ വിഭാഗങ്ങളുടെ ഒരു സംയുക്തയോഗം ഉടൻതന്നെ വിളിച്ചുചേർക്കുന്നതാണ്.

## വികസന ബ്ലോക്കുകളുടെ അതിർത്തി പുന:ക്രമീകരിക്കൽ

ഡോ. എൻ. ജയരാജ് : സർ, കേരളത്തിലെ വികസന ബ്ലോക്കുകളുടെ അതിർത്തി നിയോജക മണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ പുന:ക്രമീകരിക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം. സംസ്ഥാനത്ത് നിലവിൽ 152 വികസന ബ്ലോക്കുകളാണുള്ളത്. ഇവയുടെ പ്രവർത്തനങ്ങൾ പലപ്പോഴും രണ്ടും മൂന്നും നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ചില നിയോജകമണ്ഡലങ്ങൾക്ക് ഒരു ബ്ലോക്കുള്ള സ്ഥാനത്ത് ചിലതിന് നാല് ബ്ലോക്കുകൾ വരെയുണ്ട്. ഉദാഹരണത്തിന് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ നിയോജകമണ്ഡലമായ താനൂർ നിയോജകമണ്ഡലത്തിന് താനൂർ ബ്ലോക്ക് മാത്രമേയുള്ളു. ശ്രീ. റോഷി അഗസ്റ്റിന്റെ നിയോജകമണ്ഡലമായ ഇടുക്കിയിൽ നാല് ബ്ലോക്കുകളാണുള്ളത്. ഇളംദേശം ബ്ലോക്ക്, ഇടുക്കി ബ്ലോക്ക്, കട്ടപ്പന ബ്ലോക്ക്, അടിമാലി ബ്ലോക്ക് എന്നിവയാണവ. എന്റെ നിയോജകമണ്ഡലമായ കാഞ്ഞിരപ്പള്ളിയിൽ പാമ്പാടി ബ്ലോക്ക്, കാഞ്ഞിരപ്പള്ളി ബ്ലോക്ക്, വാഴൂർ ബ്ലോക്ക് എന്നിവയാണുള്ളത്. പലപ്പോഴും എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം വികസനപ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് വളരെയേറെ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. എം.എൽ.എ. ഫണ്ടിന്റെ വിനിയോഗത്തിലും വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിന്റെ വിനിയോഗത്തിലും കാർഷിക വികസന പ്രവർത്തനങ്ങളുടെ കാര്യത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലും മോണിറ്ററിംഗിന് വള

രെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. മാത്രമല്ല. 1950-കളുടെ തുടക്കത്തിലാണ് കേരളത്തിൽ എൻ.ഇ.എസ്. ബ്ലോക്കുകൾ നിലവിൽവന്നത്. നിയോജകമണ്ഡലങ്ങളുടെ പുന:സംഘടന അതിനുശേഷം പലതവണ നടന്നുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ടുതന്നെ വളരെയേറെ പ്രായോഗികമായ ബുദ്ധിമുട്ട് ഈ കാര്യത്തിൽ അനുഭവപ്പെടുന്നുണ്ട്. മാത്രവുമല്ല പി.ഡബ്ല്യു.ഡി. അവരുടെ പ്രവർത്തനങ്ങൾ നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുവാൻ വേണ്ടിയുള്ള നിർദ്ദേശം മുന്നോട്ടുവച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ 152 ബ്ലോക്കുകളെ കഴിവതും നിലവിലുള്ള 140 നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ പുന:ക്രമീകരിച്ചുകൊണ്ട് നിയോജകമണ്ഡലങ്ങളെ അടിസ്ഥാനമാക്കി ബ്ലോക്കുകളുടെ അതിർത്തികൾ പുനർനിർണ്ണയിക്കണമെന്നുള്ള സബ്മിഷനാണ് സഭയിൽ അവതരിപ്പിക്കുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാന്യനായ ഡോ.എൻ.ജയരാജ് ഈ സബ്മിഷനിലൂടെ വളരെ ന്യായമായ ഒരു കാര്യമാണ് ഉദ്ദേശിക്കുന്നത്. അദ്ദേഹം പറഞ്ഞതുപോലെ വികസന ബ്ലോക്കുകളുടെ അതിർത്തികൾ അസംബ്ലി മണ്ഡലവുമായി പൊരുത്തപ്പെടാത്ത അവസ്ഥ കേരളത്തിലുണ്ട്. ചില അസംബ്ലി മണ്ഡലങ്ങളിൽ നാല് വികസന ബ്ലോക്കുകൾ ഉള്ളപ്പോൾ ചിലയിടങ്ങളിൽ ഒരു ബ്ലോക്കാണുള്ളത്. ഇത് വളരെ അശാസ്ത്രീയമാണ്. 1952-ൽ വികസന ബ്ലോക്ക്

നിലവിൽ വന്ന ശേഷം ആദ്യമായി പുന:സംഘടനയുണ്ടായത് 2010-ലാണ്. 2010-ലെ പുന:സംഘടന കഴിഞ്ഞ് വീണ്ടും അസംബ്ലി മണ്ഡലങ്ങളുടെ ഘടനയിൽ മാറ്റമുണ്ടായി. 2010-ലെ പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്നത് ഒരു പഞ്ചായത്തിന്റെ പ്രദേശം വിപുലപ്പെടുത്തുകയോ അതിർത്തി പുന:നിർണ്ണയിക്കുകയോ ഭൂമിശാസ്ത്രപരമായി മാറ്റം വരുത്തുകയോ ചെയ്യുന്നത് നിലവിലുള്ള ഭരണസമിതിയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് മാത്രമാകണമെന്നാണ്. ഇനി 2015-ലാണ് നിലവിലുള്ള പഞ്ചായത്ത് സമിതികളുടെ കാലാവധി അവസാനിക്കാൻ പോകുന്നത്. ആ അവസരത്തിന് മുമ്പായി ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു ബ്ലോക്ക് അല്ലെങ്കിൽ രണ്ട് ബ്ലോക്കുകളായി  പരിമിതപ്പെടുത്താൻ നടപടി സ്വീകരിക്കാം. കേരളത്തിൽ 140 അസംബ്ലി മണ്ഡലങ്ങളും 152 ബ്ലോക്കുകളുമുണ്ട്. ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു ബ്ലോക്ക് സാധിക്കില്ല. ആ തരത്തിൽ 2015 -ലെ ബ്ലോക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പിനു മുമ്പായി കേരളത്തിലെ വികസന ബ്ലോക്കുകളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതാണ്. അതിനുവേണ്ടി പ്രത്യേകമായ ഒരു സമിതിയെ നിയോഗിക്കുന്നതായിരിക്കും.

**നേഴ്സിംഗ് കോഴ്സ്**

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, 'സിമെറ്റ്' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി അവരുടെ വിദ്യാർത്ഥികളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട പ്രോസ്പെക്ടസിൽ നിയമവിരുദ്ധമായ ഒരു കാര്യം എഴുതി ച്ചേർക്കുകയും അത് നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. സിമെറ്റ് മാത്ര മല്ല കേരളത്തിലെ ഏതാണ്ട് എല്ലാ ശാസ്ത്രീയ വിദ്യാഭ്യാസ സ്ഥാപന ങ്ങളും ഇത് പ്രോസ്പെക്ടസിൽ നിയമവിരുദ്ധമായി ഉൾപ്പെടുത്തുക യാണ്. സിമെറ്റിന്റെ പ്രോസ്പെക്ടസിൽ (എച്ച്) ക്ലോസ്. 'The candidates admitted aganist Government, Management, NRI seats in the SIMET Nursing Colleges on discontinuance of course in the first year after the cut of date for closing of admissions fixed by Government for joining other courses or other purpose are liable to pay liqudated damages equal to four times the annual tution fee paid for the first year irrespective of annual family income, nativity, reservation status'. ഒരു കുട്ടി റിസർവേഷനിൽ അടക്കം ചേർന്നാലും കോഴ്സ് ഡിസ്കണ്ടിന്യു ചെയ്യണമെങ്കിൽ ആദ്യത്തെ വർഷത്തെ ഫീസിന്റെ നാലി രട്ടി കൊടുക്കണം. ലിക്വിഡേറ്റഡ് ഡാമേജസ് കൊടുക്കണമെന്നാണ് ഇവർ പ്രോസ്പെക്ടസിൽ എഴുതിവച്ചിരിക്കുന്നത്. ഒന്നാമത്തെ കാര്യം, ലിക്വി

ഡേറ്റഡ് ഡാമേജസ് ഏകപക്ഷീയമായി ഒരു പാർട്ടിതന്നെ തീരുമാനിക്കുന്നത് എങ്ങനെയാണ്? ഇവിടെ ഗവൺമെന്റും ഒരു വിദ്യാർത്ഥിയാണ്. ഒരു വിദ്യാർത്ഥി യുടെ കോഴ്സ് ഡിസ്കണ്ടിന്യൂ ചെയ്യണമെങ്കിൽ നാലിരട്ടി ഫീസ് കൊടു ക്കണമെന്ന് ഗവൺമെന്റ് ഏകപക്ഷീയമായി പറയുകയാണ്. അതുപോലെ ഇവർ കോഴ്സ് ഡിസ്കണ്ടിന്യു ചെയ്യുന്ന കുട്ടിയുടെ സർട്ടിഫിക്കറ്റ് പിടി ച്ചുവയ്ക്കുന്നു. ഈ സർട്ടിഫിക്കറ്റ് പിടിച്ചുവയ്ക്കാൻ ഇവർക്ക് ആരാണ് അധികാരം നൽകിയത്? ലിക്വിഡേറ്റഡ് ഡാമേജസ് എപ്പോഴും അതിന്റെ ക്വാണ്ടം ഫിക്സ് ചെയ്യേണ്ടത് adjudication-ലൂടെയാണ്. ഇത് സംബ ന്ധിച്ച് നിരവധി കോടതി വിധികളുള്ളതാണ്. അല്ലെങ്കിൽ നിയമ വകുപ്പുമന്ത്രി പറയട്ടെ. ലിക്വിഡേറ്റഡ് ഡാമേജസ് ഏതെങ്കിലും ഒരു പാർട്ടി ഏകപക്ഷീയമായി ഫിക്സ് ചെയ്യുന്നു. അത് ഫിക്സ് ചെയ്തിട്ട് ഇവിടെ എഴുതിവച്ചിരിക്കുന്നു. പാവപ്പെട്ട കുട്ടി അഡ്മിഷൻ സമയത്ത് ഇവർ പറ യുന്ന ഡോട്ടഡ് ലൈനിൽ ഒപ്പിട്ടുകൊടുക്കുന്നു. എന്റെ നിയോജകമണ്ഡ ലത്തിലെ ആതിരാ മോഹൻ എന്ന കുട്ടി കഴിഞ്ഞ വർഷം നേഴ്സിംഗിന് അഡ്മിഷനെടുത്തു. കോഴ്സ് ഡിസ്കണ്ടിന്യൂ ചെയ്ത് സർട്ടിഫിക്കറ്റ് തിരികെ വേണമെന്ന് പറഞ്ഞപ്പോൾ നാലിരട്ടി ഫീസ് അടയ്ക്കണമെന്ന് ആവശ്യപ്പെട്ടു. 1,12,000 രൂപ അടച്ചു. നാലിരട്ടി ഫീസ് കൊടുക്കണം. അത് കൊടുക്കാത്തതിന് ഗവൺമെന്റ് ഉടമയിലുള്ള സ്ഥാപനം ഒരു വർഷ മായി ഈ കുട്ടിയുടെ സർട്ടിഫിക്കറ്റ് പിടിച്ചുവച്ചിരിക്കുകയാണ്. ഇത് എവി ടെത്തെ ന്യായമാണ്? ഇത്

വെള്ളരിക്ക പട്ടണമാണോ? ഇമ്മീഡിയറ്റായി ഈ കുട്ടിയുടെ സർട്ടിഫി ക്കറ്റ് തിരിച്ചുകൊടുക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : സർ, 2009-10 അദ്ധ്യയന വർഷമാണ് ആദ്യമായി സിമെറ്റിൻ കീഴിൽ ബി.എസ്.സി. നേഴ്സിംഗ് കോഴ്സിന് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു തുടങ്ങിയത്. ആദ്യകാലത്ത് സർക്കാർ നേഴ്സിംഗ് കോളേ ജുകളിലെ പ്രോസ്പെക്ടസ് അനുസരിച്ചാണ് പ്രവേശനം നടത്തിയിരു ന്നത്. 2010-11 മുതലാണ്, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാല ത്താണ് സിമെറ്റിന്റെ പ്രോസ്പെക്ടസ് സർക്കാർ അംഗീകരിച്ചുനൽകിയത്. പ്രോസ്പെക്ടസിലെ പ്രസക്തഭാഗം നേരത്തെ എന്റെ സുഹൃത്ത് ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ വായിച്ചു. അത് ഞാൻ ഇവിടെ ചൂണ്ടിക്കാ ണിക്കാം. 2010-2011ൽ The candidates admitted aganist Government, Management, NRI seats in the SIMET Nursing Colleges on discontinuance of course in the first year after the cut of date for closing the admissions fixed by Government for joining other courses, colleges or other purpose are liable to pay liqudated damages equal to four times of the annual tution fee paid by them for the first year irrespective of annual family income, nativity, reservation status'ഇത് 2010-2011-ൽ തീരുമാനിച്ചതാണ്. 2009 മുതൽ

അഡ്മിഷൻ നടത്തുന്നത് പ്ലസ് ടു-വിന്റെ മാർക്കിന്റെ അടിസ്ഥാന ത്തിലാണ്. സിമെറ്റിന്റെ കീഴിലുള്ള നേഴ്സിംഗ് കോളേജുകൾ സർക്കാർ സ്വാശ്രയ നേഴ്സിംഗ് കോളേജുകളാണ്. 2011–12-ൽ സർക്കാർ ക്വാട്ടയിൽ 50% സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 40,000 രൂപയും മാനേജ്മെന്റ് ക്വാട്ടയിൽ വരുന്നവർക്ക് 78,000 രൂപയുമായിരുന്നു ഫീസ്. ഈ വർഷം ഇത് 65,000 രൂപയായി. മാനേജ്മെന്റ് ക്വാട്ടയും സർക്കാർ ക്വാട്ടയും ഏകീകരിച്ചു. മുകളിൽ സൂചിപ്പിച്ച വ്യവസ്ഥയനുസ രിച്ച് സിമെറ്റിന്റെ നേഴ്സിംഗ് കോളേജുകളിൽ ചേരുന്ന വിദ്യാർത്ഥികൾ ഇടയ്ക്ക്, അതായത് സർക്കാർ നിശ്ചയിക്കുന്ന തീയതിക്കുശേഷം പഠനം നിറുത്തിയാൽ ആ കോഴ്സിന്റെ മുഴുവൻ കാലഘട്ടത്തിലെയും ഫീസ്, അതായത് ട്യൂഷൻ ഫീസിന്റെ നാലിരട്ടി അടച്ചാൽ മാത്രമേ സർട്ടിഫിക്കറ്റ് റിലീസ് ചെയ്യാൻ കഴിയുകയുള്ളു. ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ നിബന്ധനയനുസരിച്ച് ബി.എസ്.സി. നേഴ്സിംഗ് കോഴ്സിന് എല്ലാ വർഷവും പ്രവേശനം നൽകുന്ന അവസാന തീയതി, കട്ട് ഓഫ് ഡേറ്റ് സെപ്തംബർ 30 ആണ്. അതിനുശേഷം പ്രവേശനം നൽകുന്നതിന് സാധ്യമല്ല. ഒരു വിദ്യാർത്ഥി ഈ തീയതിക്കുശേഷം പഠനം നിറുത്തിപ്പോ യാൽ മറ്റൊരാൾക്ക് പ്രവേശനം നൽകാൻ സാധ്യമല്ല. അതിന് വ്യവസ്ഥ യുമില്ല. ഇക്കാരണത്താലാണ് പ്രോസ്പെക്ടസിലും ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിനാലാണ് പഠനകാലയളവിൽ ബി.എസ്.സി.

നേഴ്സിംഗ് കോഴ്സിൽ പ്രവേശനം ലഭിച്ചശേഷം പഠനം നിറുത്തിപ്പോകുന്ന വിദ്യാർത്ഥികളിൽ നിന്നും പ്രോസ്പെക്ടസ് അനുസരിച്ച് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കുന്നത്. ഇത് നേരത്തെതന്നെ തീരുമാനിച്ചതനുസരിച്ചിട്ടുള്ള നടപടിക്രമങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. ഈ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ച ശേഷം ഇക്കാര്യത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. കെ. സുരേഷ് കുറുപ്പ് : കുട്ടികളുടെ സർട്ടിഫിക്കറ്റുകൾ തിരികെ കൊടുക്കുന്നില്ല.

ശ്രീ. വി.എസ്. ശിവകുമാർ : അത് നിയമം അനുസരിച്ചല്ലേ ചെയ്യാൻ കഴിയുകയുള്ളു. സർട്ടിഫിക്കറ്റ് കൊടുത്താൽപിന്നെ ഈ നാലിരട്ടി അടയ്ക്കണമെന്ന് പറയുന്നതിന്റെ കാര്യമെന്താണ്? പാവപ്പെട്ട കുട്ടികളെ ബുദ്ധിമുട്ടിക്കണമെന്ന് ഗവൺമെന്റിനില്ല. ഇത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടാക്കിവച്ച നിയമമാണ്. ഇത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടാക്കിയ നിയമമല്ല. അതനുസരിച്ച് പിൻതുടരുന്നുവെന്ന് മാത്രമേയുള്ളു. എൽ.ഡി.എഫ്., യു.ഡി.എഫ്. എന്നുള്ളതല്ല പ്രശ്നം. കഴിഞ്ഞ കാലഘട്ടത്തിൽ ഉണ്ടാക്കിയ നിയമമാണ്. അതിനെക്കുറിച്ച് ഞാൻ പറഞ്ഞു. ഇത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഇക്കാ

ര്യത്തെക്കുറിച്ച് ആലോചിക്കാം. പക്ഷേ ഈ നിയമം ഉണ്ടാക്കിയത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടാക്കിയ നിയമമാണെങ്കിലും ബുദ്ധിമുട്ടായി മാറിയിട്ടുള്ള സ്ഥിതിക്ക് നമുക്ക് പുന:പരിശോധിച്ചുകൂടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിൽ ഇടപെടണം.

മി. സ്പീക്കർ : മുഖ്യമന്ത്രി ഇടപെടേണ്ട കാര്യമില്ല. മന്ത്രി പറഞ്ഞുകഴിഞ്ഞു. ........... നോ, നോ, നിങ്ങൾ ഇരിക്കൂ. ഞാൻ പറയട്ടെ. ഇവിടെ നിലവിലുള്ള ഒരു സംവിധാനം തുടരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടുണ്ടെങ്കിൽ അക്കാര്യം മുഖ്യമന്ത്രിയുമായി ആലോചിക്കാമെന്ന് മന്ത്രി നിയമസഭയിൽ പറഞ്ഞുകഴിഞ്ഞല്ലോ?

**മഞ്ഞപ്പിത്തം**

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കേളകം പഞ്ചായത്തിലെ അടയ്ക്കാത്തോട് എന്ന ചെറിയൊരു ഗ്രാമത്തിൽ നൂറിലധികം പേർക്ക് ഇതിനോടകം മഞ്ഞപ്പിത്തം ബാധിച്ചിരിക്കുകയാണ്. അവിടത്തെ ടൗണിലുള്ള രണ്ടു മൂന്നു കിണറുകളിലെ വെള്ളം വളരെ മാലിന്യം നിറഞ്ഞതായിരുന്നു. ആ കിണറുകളിലെ വെള്ളം ഉപയോഗിക്കുന്ന ഹോട്ടലിൽനിന്നും ഭക്ഷണം കഴിച്ചവർക്കാണ് മഞ്ഞപ്പിത്തം ബാധിച്ചത്. പേരാവൂർ ആശുപത്രിയിലെ രണ്ടു വാർഡുകൾ മഞ്ഞപ്പിത്ത രോഗികൾക്കു മാത്രമായി മാറ്റിവച്ചിരിക്കുകയാണ്. അവിടെ ഡി.എം.ഒ. നടത്തിയ മെഡിക്കൽ ക്യാമ്പിൽ അറുന്നൂറിലേറെ ആളുകളെ രക്തപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. അതിന്റെ റിസൾട്ടുകൂടി വന്നു കഴിഞ്ഞാൽ കൂടുതൽ ആളുകൾക്ക് മഞ്ഞപ്പിത്ത രോഗമുണ്ടാകുമെന്ന ആശങ്ക നിലനിൽക്കുകയാണ്. ഇതിനോടകംതന്നെ രണ്ടുപേർ മരിച്ചിരിക്കുന്നു. അതുപോലെ പരിശോധനയിൽ ചിലർക്കെങ്കിലും എലിപ്പനി ബാധിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കിയിരിക്കുന്നു. ഹോട്ടൽ ഭക്ഷണം കഴിച്ച മിക്കവാറും പുരുഷൻമാർക്കാണ് ഇത്തരത്തിൽ ഗുരുതരമായ രോഗബാധയുണ്ടായിട്ടുള്ളത്. അതുകൊണ്ട് വീടുകളൊക്കെ ഇന്ന് കടുത്ത പട്ടിണിയിലും ദാരിദ്ര്യത്തിലുമാണ്. കർഷകരും കർഷകത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണിത്. പഞ്ചായത്ത് അധികാരികളും ആരോഗ്യ വകുപ്പ് അധികാരികളും ഇടപെട്ട് അവിടെ മൂന്ന് കിണറുകൾ നികത്തിയിരിക്കുക

യാണ്. പേരാവൂർ ആശുപത്രിയിൽ സ്ഥലപരിമിതിയുണ്ട്. അവിടെ കാഷ്വാലിറ്റി സംവിധാനമില്ല, അതിനുള്ള അപേക്ഷ വളരെക്കാലമായി നിലനിൽക്കുന്നതാണ്. ഉള്ള വേക്കൻസികളിൽപ്പോലും ഡോക്ടർമാരെ നിയമിച്ചിട്ടില്ല. ഇപ്പോൾ അടിയന്തിരമായി ചില നടപടികൾ താൽക്കാലികമായുണ്ടാക്കിയിട്ടുണ്ട്. പക്ഷേ അത് താല്ക്കാലികം മാത്രമാണ്. ഇരിട്ടി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം അനുവദിച്ചുവെങ്കിലും അത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഏറ്റവും ഗുരുതരമായി ഒരു സാഹചര്യം അവിടെ നിലനിൽക്കുകയാണ്. മരിച്ച ആളുകളുടെ ബന്ധുക്കൾക്ക് സാമ്പത്തികസഹായം നൽകുന്നതിനും സൗജന്യമായി റേഷൻ നൽകുന്നതിനും കുടിവെള്ളം അടിയന്തിരമായി എത്തിക്കുന്നതിനും ഡോക്ടർമാരെ നിയമിക്കുന്നതിനും മെഡിക്കൽ രംഗത്തെ സേവനം ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പേരാവൂർ മണ്ഡലത്തിലെ കേളകം ഗ്രാമപഞ്ചായത്തിൽ രണ്ട്, അഞ്ച്, ആറ്, ഏഴ് എന്നീ വാർഡുകൾ ഉൾപ്പെടുന്ന അടയ്ക്കാത്തോട് മേഖലയിൽ കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ സംശയാസ്പദമായ നിലയിൽ മഞ്ഞപ്പിത്ത രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടതിനെത്തുടർന്ന് വിദഗ്ദ്ധ ഡോക്ടർമാരടങ്ങുന്ന ജില്ലാതല റാപ്പിഡ് റെസ്പോൺസ് ടീം അവിടം സന്ദർശിക്കുകയും പ്രതിരോധ പ്രവർത്തന

ങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. 13, 14, 15 തീയതികളിൽ നടന്ന മെഡിക്കൽ ക്യാമ്പുകളിൽ 1500-ഓളം രോഗികൾ വരികയുണ്ടായി. അവരുടെ രക്തസാമ്പിൾ പരിശോധിക്കുകയും 60 പേർക്ക് ഹെപ്പറ്റൈറ്റിസ്-എ മൂലമുണ്ടാകുന്ന മഞ്ഞപ്പിത്തവും 5 പേർക്ക് എലിപ്പനിയും സ്ഥിരീകരിച്ചിട്ടുണ്ട്. ഇവർക്കാവശ്യമായ ചികിത്സ നൽകിവരികയാണ്. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള എല്ലാ സജ്ജീകരണങ്ങളും കേളകം പ്രാഥമികാരോഗ്യ കേന്ദ്രത്തിലും പേരാവൂർ താലൂക്കാശുപത്രിയിലും നടപ്പിലാക്കിയിട്ടുണ്ട്. കേളകം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രാവിലെ 8 മുതൽ വൈകുന്നേരം 5 വരെ ഓഫീസ് സൗകര്യവും രക്തസാമ്പിൾ ശേഖരിക്കുന്നതിനാവശ്യമായ സജ്ജീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. പേരാവൂർ താലൂക്കാശുപത്രിയിൽ 24 മണിക്കൂറും കിടത്തിചികിത്സയ്ക്കുള്ള ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള അഞ്ചു ഡോക്ടർമാർക്കു പുറമേ 3 പേരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ അവിടെ നിയമിച്ചിട്ടുണ്ട്. 2 ലാബ് ടെക്നീഷ്യൻമാരെ അധികമായി നിയോഗിച്ചിട്ടുണ്ട്. മഞ്ഞപ്പിത്തം പടർന്നുപിടിക്കാനിടയായ ഉറവിടം അടയ്ക്കാത്തോട്ടിലെ ഒരു ബേക്കറി, ഒരു ഹോട്ടൽ എന്നിവിടങ്ങളിൽ നിന്നാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ രണ്ടു സ്ഥാപനങ്ങളും അടച്ചുപൂട്ടി സീൽ ചെയ്തിരിക്കുകയാണ്. ഇവർ ഉപയോഗിച്ചിരുന്ന രണ്ട് കിണറുകളും മൂടിയിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 20 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ താല്ക്കാലികമായി അവിടെ നിയമിച്ചിട്ടു

ണ്ട്. നാളെ മുതൽ അവർ ജോലിയിൽ പ്രവേശിക്കും. സ്കൂൾതലത്തിൽ മൂന്ന് ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും മഞ്ഞപ്പിത്ത രോഗത്തിനെതിരെ 5000 നോട്ടീസ് അച്ചടിച്ച് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. അടയ്ക്കാത്തോട് ടൗണിൽവച്ച് വ്യാപാര സ്ഥാപനങ്ങളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി മാലിന്യസംസ്കരണം കാര്യക്ഷമമായി നടത്തുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ആരോഗ്യപ്രവർത്തകരെയും ആശാവർക്കർമാരെയും പങ്കെടുപ്പിച്ച് ഗൃഹസന്ദർശനവും സൂപ്പർ ക്ലോറിനേഷനും നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കേളകം അടയ്ക്കാത്തോട് മേഖലയിൽ മഞ്ഞപ്പിത്തം പടർന്നുപിടിക്കാതിരിക്കാനുള്ള എല്ലാവിധ പ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പ് നടത്തുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ഡി.എം.ഒ.യുമായി എല്ലാ ദിവസവും ബന്ധപ്പെടുന്നുണ്ട്. കാര്യങ്ങൾ വളരെ കാര്യക്ഷമമായി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. .... (ബഹളം).....

മി. സ്പീക്കർ: യെസ്... യെസ്....മിനിസ്റ്റർ അത് പറഞ്ഞല്ലോ. ഒരാൾ ഒരു സബ്മിഷൻ ഉന്നയിച്ചതിന് മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. ഈ വിഷയം നിരവധി തവണ വന്നിട്ടുള്ളതാണ്. .... (ബഹളം).... ഗുരുതരമായ വിഷയമായതുകൊണ്ട് ഗവൺമെന്റ് ആക്ട് ചെയ്യുന്നുണ്ടെന്ന് മന്ത്രി മറുപടി പറഞ്ഞല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട സണ്ണി ജോസഫ് പറഞ്ഞ വിഷയത്തിൽ താങ്കൾ ഇടപെടുന്നുണ്ടെങ്കിലും ഒരു ഹൈ മെഡി

ക്കൽ മിഷനെ അവിടേയ്ക്ക് അയയ്ക്കണം. വളരെ ഗുരുതരമായ അവസ്ഥയാണ്. നാലാളുകൾ മരിച്ചിരിക്കുകയാണ്. പ്രധാനപ്പെട്ട ഒരു ടീമിനെ അങ്ങോട്ടേയ്ക്ക് അയയ്ക്കണം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഡി.എം.ഒ.യുടെ നേതൃത്വത്തിൽ ഡോക്ടർമാരുടെ ടീം അവിടേയ്ക്ക് പോയിട്ടുണ്ട്. രണ്ടുമൂന്നു പ്രാവശ്യം ഇതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആരോഗ്യവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ അവിടേയ്ക്ക് അയയ്ക്കാം.

**ഗുരുവായൂർ ക്ഷേത്രസുരക്ഷാ ജീവനക്കാരെ പിരിച്ചുവിട്ട നടപടി**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വലിയ സുരക്ഷാ ഭീഷണിയുള്ള ക്ഷേത്രമാണ് ഗുരുവായൂർ. കഴിഞ്ഞ ഇരുപതു വർഷമായി ക്ഷേത്ര സുരക്ഷ ഫലപ്രദമായി നിർവ്വഹിക്കുന്ന 151 സുരക്ഷാജീവനക്കാരെ ഏകപക്ഷീയമായി പിരിച്ചുവിട്ടിരിക്കുകയാണ്. പതിനെട്ടുവർഷവും അതിലേറെയും പഴക്കമുള്ള ജീവനക്കാരെ യാതൊരു തത്വദീക്ഷയും കൂടാതെയാണ് പിരിച്ചുവിട്ടിരിക്കുന്നത്. ഇപ്പോൾ നിയമിച്ചിട്ടുള്ള ആളുകളിൽ പലരും ആവശ്യമായ യോഗ്യതകളില്ലാത്തവരാണ്. നേരത്തെ അച്ചടക്കനടപടി നേരിട്ടവരെയാണ് ഇപ്പോൾ നിയമിച്ചിട്ടുള്ളത്. ഗുരുവായൂരിന്റെ പ്രത്യേകതകൾ അറിയാവുന്ന പഴയ ജീവനക്കാരെ പുന:സ്ഥാപിക്കുന്നതു സംബന്ധിച്ച് അടിയന്തിരമായി തീരുമാനമെടുക്കണമെന്നും അവരെ ചർച്ചയ്ക്കായി ക്ഷണിക്കണമെന്നും ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഗുരുവായൂർ ക്ഷേത്രത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും സുരക്ഷാജോലിക്കായി സർവ്വീസിൽനിന്ന് വിരമിച്ച വിമുക്തഭടൻമാരെയാണ് ഗാർഡുകളായി കേരള എക്സ്-സർവ്വീസ് ചാരിറ്റബിൾ ട്രസ്റ്റ് എന്ന സംഘടന മുഖേന ഓരോ വർഷത്തേയും കരാർ വ്യവസ്ഥയിൽ നിയമിച്ചിരുന്നത്. ദേവസ്വവും ഈ സംഘടനയുമായുള്ള കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിൽ

Uncorrected / Not for Publication

ക്ഷേത്രസുരക്ഷയുടെ പ്രാധാന്യം മുൻനിറുത്തി സുരക്ഷാ സംവിധാനം ദേവസ്വത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായി വിജ്ഞാപനം പ്രസിദ്ധീകരിച്ച് അഭിമുഖം നടത്തി വിമുക്തഭടൻമാരിൽ നിന്നും 148 പേരെ ദേവസ്വം സുരക്ഷാ പ്രവർത്തിക്കായി നിയോഗിച്ചിട്ടുണ്ട്. നേരത്തെയുണ്ടായിരുന്ന സുരക്ഷാ ഗാർഡുകൾ ക്ഷേത്രം ജീവനക്കാരായിരുന്നില്ല. കേരള എക്സ്-സർവ്വീസ് ചാരിറ്റബിൾ ട്രസ്റ്റ് മുഖേന കരാർ പ്രകാരം പ്രവർത്തിക്കുന്നവരായിരുന്നു. ഈ സംഘടനയുമായുള്ള കരാർ കാലാവധി അവസാനിച്ചതിനാൽ ദേവസ്വം പുതിയ സുരക്ഷാ സംവിധാനം നേരിട്ട് കാര്യക്ഷമമായി നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്.

(മേശപ്പുറത്തുവച്ച കടലാസുകൾ)

* * * * * * * * * * * * * * *